# മന്ത്രിസഭാ തീരുമാനങ്ങൾ

## (03.03.2010)

- കോഴിക്കോട് കോസ്റ്റ് ഗാർഡ് സ്റ്റേഷനുവേണ്ടി ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽപ്പെടുത്തി 30 ഏക്കർ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചു.

- സംസ്ഥാന അബ്കാരി നയം അംഗീകരിച്ചു. ക്ലബ്ബുകളുടെ ബാർ ലൈസൻസ് ഫീസ് 8 ലക്ഷം രൂപ എന്നത് 15 ലക്ഷം രൂപയാക്കി ഉയർത്തുവാൻ തീരുമാനിച്ചു.

- കണ്ണൂർ ജില്ലയിലെ ആറളം ഗവൺമെന്റ് യു.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യുവാൻ തീരുമാനിച്ചു.

- സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില (ഫെയർ വാല്യു) അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു. ന്യായവില നടപ്പിലാക്കുമ്പോൾ പരാതിക്കാർക്ക് അപ്പീൽ നൽകുവാൻ അവസരമുണ്ടായിരിക്കും.

- പാലക്കാട് കോച്ച് ഫാക്ടറിക്കായി റെയിൽവേ ആവശ്യപ്പെട്ട 476 ഏക്കർ സ്ഥലം പൂർണ്ണമായും ലഭ്യമാക്കാൻ എല്ലാ നടപടികളും സ്വീകരിച്ചു.

- ഇടുക്കി ജില്ലയിൽ കൈവശ ഭൂമിയെ സംബന്ധിച്ച് പൊലീസ്, വിജിലൻസ്, ക്രൈം ബ്രാഞ്ച്, റവന്യൂ അന്വേഷണങ്ങൾ നേരിടുന്നതും കോടതി നടപടികൾക്ക് വിധേയമായിട്ടുള്ളതും ഒഴികെ മുമ്പ് കൈവശ നിജസ്ഥിതി സർട്ടിഫിക്കറ്റ് നൽകിവന്നിട്ടുള്ള എല്ലാ കേസിലും വർഷങ്ങളായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിക്കത്തക്കവിധം സത്വര സർട്ടിഫിക്കറ്റ് തുടർന്നും നൽകാൻ തീരുമാനിച്ചു.

- മുല്ലപ്പെരിയാർ തർക്കം സംബന്ധിച്ച് സുപ്രീംകോടതി നിശ്ചയിച്ച എംപവേർഡ് കമ്മിറ്റിയിലേക്ക് കേരളത്തിന്റെ പ്രതിനിധിയായി മുൻ സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് കെ.ടി. തോമസിന്റെ പേര് നിർദ്ദേശിക്കുവാൻ തീരുമാനിച്ചു.

- വരൾച്ച നേരിടുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി വാട്ടർ അതോറിറ്റിക്ക് 15 കോടി രൂപയും ജില്ലാ കളക്ടർമാർക്ക് മൊത്തം പത്ത് കോടി രൂപയും അനുവദിക്കുവാൻ തീരുമാനിച്ചു.

******